യാണ്. അതോടൊപ്പംതന്നെ റബ്ബർ സംഭരണത്തിനുവേണ്ടിയുള്ള സാഹചര്യങ്ങൾ. ആർ.പി.എസ്. മുഖാന്തിരം റബ്ബർ സംഭരിക്കാൻ നമുക്ക് കഴിയുമോ? ഇപ്പോൾത്തന്നെ റബ്ബർ സംഭരണത്തിനുവേണ്ടി നമ്മൾ ഏജൻസികളെ ചുമതലപ്പെടുത്തി. അവർ വീണ്ടും മാർക്കറ്റിലോട്ട് റബ്ബർ വിടുകയാണ്. അത് തടഞ്ഞ് ബഫർസ്റ്റോക്ക് ആക്കി മാറ്റാൻ കഴിയുന്ന നിലയിലും പരമാവധി റബ്ബർ സംഭരിച്ച് നിറുത്താൻ കഴിഞ്ഞാലും വിലകൂട്ടാൻ കഴിയും. അതിനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ?

<u>ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ</u> : സർ, റബ്ബർ അങ്ങനെ ശേഖരിക്കണമെന്ന് തീരുമാനിച്ചാൽ തന്നെ അത് ശേഖരിക്കാനുള്ള ഏജൻസി എന്ന് പറയുന്നത് റബ്കോയും റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷനുമാണ്. റബ്കോയാണ് അതിൽ കുറച്ചുകൂടി കാര്യക്ഷമതയോടുകൂടി പ്രവർത്തിച്ചത്. അവർ 14,000-ൽ ശിഷ്ടം ടൺ റബ്ബർ ഇതിനകം ഗവൺമെന്റിന്റെ നിർദ്ദേശമനുസരിച്ച് ശേഖരിച്ച് വച്ചിട്ടുണ്ട്. എന്നാൽ ഞങ്ങൾ കഴിഞ്ഞ റിവ്യൂ നടത്തിയപ്പോൾ റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ 28,000 ടൺ മാത്രമാണ് ശേഖരിച്ചത്. ഈ മാസത്തിൽതന്നെ വീണ്ടും ഇതിന്റെ റിവ്യൂ നടക്കുന്നുണ്ട്. ആ യോഗത്തിൽവച്ച് കൂടുതൽ റബ്ബർ ശേഖരിക്കുന്നതിനും അത് സംരക്ഷിച്ചു വയ്ക്കാനും ആവശ്യമായ നടപടി അവരെക്കൊണ്ട് സ്വീകരിപ്പിക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ ശ്രമങ്ങളും നടത്തും.

IV. സബ്മിഷൻ

(1) പെൻഷൻ കുടിശ്ശികകൾ ഓണത്തിനുമുമ്പ് വിതരണം ചെയ്യേണ്ടതിന്റെ ആവശ്യകത

<u>ശ്രീ. എ. കണാരൻ</u> : സർ, കർഷകത്തൊഴിലാളി പെൻഷൻ, തൊഴിലില്ലായ്മ വേതനം, മറ്റ് സാമൂഹ്യ പെൻഷനുകൾ തുടങ്ങിയവയെല്ലാം ഓണത്തിനുമുമ്പ് കുടിശ്ശിക സഹിതം നൽകണമെന്നുള്ള പ്രശ്നമാണ് അങ്ങയുടെ അനുവാദത്തോടുകൂടി ധനകാര്യ വകുപ്പുമന്ത്രിയുടെ മുന്നിൽ ഞാൻ സമർപ്പിക്കുന്നത്. അന്യർക്കുവേണ്ടി ജോലിചെയ്ത് കൂലി വാങ്ങി ജീവിക്കുന്ന കർഷകത്തൊഴിലാളികൾ, വയോവൃദ്ധർ, വികലാംഗർ, വിധവകൾ, അഗതികൾ, ക്യാൻസർ രോഗികൾ എന്നിവർക്കുള്ള വിവിധ പെൻഷനുകളും, തൊഴിലില്ലാതെ വിഷമിക്കുന്ന ചെറുപ്പക്കാർക്ക് തൊഴിലില്ലായ്മവേതനവും നമ്മുടെ കേരളത്തിൽ നടപ്പാക്കിയതിൽ ജനങ്ങളാകെ സംതൃപ്തരാണ്. അതിന് എൽ.ഡി.എഫ്. ഗവൺമെന്റ് അഭിനന്ദനം അർഹിക്കുന്നു.

സർ, ഇൻഡ്യയിൽ കോൺഗ്രസ് ഭരിക്കുന്ന മധ്യപ്രദേശ്, ഒറീസ്സ, ഡൽഹി എന്നിവിടങ്ങളിലും ദേശീയ, പ്രാദേശിക പാർട്ടികൾ ഭരിച്ചുകൊണ്ടിരിക്കുന്ന കർണ്ണാടകം, മദിരാശി, മഹാരാഷ്ട്ര, ബീഹാർ, ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ് എന്നിവിടങ്ങളിലും ഈ പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടില്ല. കമ്മ്യൂണിസ്റ്റുകാരുടെ നേതൃത്വത്തിൽ ഭരിക്കുന്ന ബംഗാൾ, ത്രിപുര, കേരളം എന്നിവിടങ്ങളിൽ മാത്രമാണ് ഇത് നടപ്പാക്കിയത്. ഇതിന്റെ ഫലമായി കേരളം ഇക്കാര്യത്തിൽ ഇൻഡ്യയ്ക്കുതന്നെ മാതൃകയായിതീരാവുന്ന അവസ്ഥയാണുള്ളത്. കാണം വിറ്റും ഓണം ഉണ്ണണമെന്നതാണ് കേരളത്തിന്റെ സംസ്കാരം. ഓണം ഇന്ന് ദേശീയോത്സവമായിത്തീർന്നിരിക്കുന്നു. ഇതിൽ സജീവമായി പങ്കാളികളാകാൻ പെൻഷൻ കുടിശ്ശിക മുഴുവൻ വേഗം നൽകാൻവേണ്ടി ഗവൺമെന്റ് ഉത്തരവ് പുറപ്പെടുവിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കർഷകത്തൊഴിലാളികൾ, കയർ, കശുവണ്ടി, മത്സ്യം, കെട്ടിട നിർമ്മാ

LIBRARY ARCHIVES Kerala Legislative Assembly

ണം, കൈത്തറി, ഖാദി, ബീഡി, ചുരുട്ട് എന്നീ മേഖലകളിൽ പെൻഷന് അർഹതപ്പെട്ടവർ അഞ്ചുലക്ഷത്തിലധികം പേർ വരും. വിധവ, വികലാംഗർ, വൃദ്ധർ എന്നിവരിൽ അഞ്ചുലക്ഷത്തോളം പേർ പെൻഷന് അർഹരായി ഉണ്ട്. തൊഴിലില്ലായ്മവേതനത്തിന് അർഹതപ്പെട്ടവർ മൂന്നുലക്ഷത്തോളമുണ്ട്. ഇതെല്ലാംകൂടെ ചേർന്ന് 20 ലക്ഷത്തിലധികം വരുന്ന അർഹതപ്പെട്ട വിഭാഗങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ട്. മുഴുവൻ പേർക്കും ഓണം ആഘോഷിക്കാൻ പെൻഷൻ കുടിശ്ശിക നൽകാൻ അങ്ങ് അടിയന്തിരമായി തീരുമാനമെടുക്കുമെന്നാണ് ഞാൻ കരുതുന്നത്. തൊഴിലില്ലായ്മ വേതനം 13 മാസത്തേത് കുടിശ്ശികയാണ്. കർഷകത്തൊഴിലാളി പെൻഷൻ 1999 ജൂലൈ മാസത്തേയ്ക്ക് 10 മാസത്തേത് കുടിശ്ശികയാണ്. വിധവ, വാർദ്ധക്യം, വികലാംഗർ, അഗതി, രണ്ടാംലോക മഹായുദ്ധത്തിൽ പങ്കെടുത്ത സൈനികർ, സർക്കസ് കലാകാരൻമാർ, ഗ്രാമീണ കലാകാരൻമാർ, ക്യാൻസർ രോഗികൾ എന്നിവരുടേത് മാസക്കണക്കിന് കുടിശ്ശികയാണ്. വിധവ, വികലാംഗ, വാർധക്യ പെൻഷൻ 11 കോടിയോളം രൂപ കുടിശ്ശികയാണ്. ഇതെല്ലാം ഓണത്തിനുമുൻപ് നൽകാൻ ഉത്തരവുണ്ടാകണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് ബഹുമാന്യനായ മെമ്പർ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ആ വിഷയം വിവിധ തൊഴിലാളികളുടെ പെൻഷനെ സംബന്ധിച്ചുള്ളതാണ്. ആദ്യം ഞാൻ കർഷകത്തൊഴിലാളി പെൻഷനെ സംബന്ധിച്ച് പറയാം. 30-9-98 വരെയുള്ള പെൻഷൻ ഗഡുക്കൾ വിതരണം ചെയ്തുകഴിഞ്ഞു. 31-12-98-ലും, 31-3-99-ലും, 31-6-99-ലും അവസാനിക്കുന്ന ത്രൈമാസഗഡുക്കളാണ് കൊടുത്തുതീർക്കാനുള്ളത്. ഇതിനാവശ്യമായ 37.20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 31-3-99 വരെയുള്ള രണ്ടു ഗഡുക്കൾ, അതായത് ആറുമാസത്തേത് ഓണത്തിനുമുൻപ് വിതരണം ചെയ്യാൻ വേണ്ട നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതിനുവേണ്ടി 18 കോടി രൂപ റിലീസ് ചെയ്യാനുള്ള ഓർഡറും അയച്ചുകഴിഞ്ഞു.

സർ, തൊഴിലില്ലായ്മ വേതനം: 1993 മേയ്വരെയുള്ള തൊഴിലില്ലായ്മ വേതനം കൊടുത്തുകഴിഞ്ഞു. കുടിശ്ശിക നൽകാനായി 69.51 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 1998 നവംബർവരെയുള്ള ആറുമാസത്തെ കുടിശ്ശിക ഓണത്തിനുമുൻപ് നൽകാൻ നിർദ്ദേശം നൽകിക്കഴിഞ്ഞു. ഇതിനായി 18 കോടി റിലീസ് ചെയ്തു.

സർ, സാമൂഹ്യസുരക്ഷിതത്വപെൻഷൻ: വിധവാപെൻഷൻ, അഗതി പെൻഷൻ എന്നിവയുടെ കുടിശ്ശിക പൂർണ്ണമായി തീർത്തുനൽകുന്നതിനുള്ള തുക ലാന്റ് റവന്യൂ കമ്മിഷണർ റിലീസ് ചെയ്തുകഴിഞ്ഞു. 19.78 കോടി രൂപ ഇതിനുവേണ്ടി ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. മറ്റു ക്ഷേമനിധി ആനുകൂല്യങ്ങളും പെൻഷനുകളും നൽകുന്നതിനായി വകയിരുത്തിയിട്ടുള്ള ബഡ്ജറ്റ് വിഹിതം താഴെപ്പറയുന്നു.

കശുവണ്ടിത്തൊഴിലാളി ക്ഷേമനിധി അംശദായം 100 ലക്ഷം രൂപ, മരംകയറ്റത്തൊഴിലാളികൾക്ക് സാമ്പത്തിക സഹായം (ജനറൽ) - 33 ലക്ഷം രൂപ, മരംകയറ്റത്തൊഴിലാളികൾക്കുള്ള സാമ്പത്തികസഹായം-പട്ടികജാതിക്കാർക്കുവേണ്ടിയുള്ള പ്രത്യേക വിഹിതം - 15 ലക്ഷം രൂപ, കേരളത്തിലെ കൈത്തറിത്തൊഴിലാളികൾക്കുള്ള ക്ഷേമനിധി - 33.20 ലക്ഷം രൂപ, കേരളത്തിലെ നിർമ്മാണത്തൊഴിലാളി ക്ഷേമനിധി - ഒരുലക്ഷം രൂപ, കേരള ആർട്ടിസാൻസ് കോർപ്പറേഷൻ - 25 ലക്ഷം രൂപ, കേരള ആർട്ടിസാൻസ് ആന്റ് സ്കിൽഡ്

LIBRARY ARCHIVES Kerala Legislative Assembly

വർക്കേഴ്സ് ബെനിഫിറ്റ് സ്കീം - 60 ലക്ഷം രൂപ, പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറിയിലെ തൊഴിലാളികൾക്ക് ധനസഹായം, കേരളത്തിലെ തയ്യൽ തൊഴിലാളികൾക്ക് ക്ഷേമപദ്ധതിയും മറ്റു പുതിയ ക്ഷേമപദ്ധതികളും, അസംഘടിത തൊഴിലാളികൾക്ക് ക്ഷേമനിധി പദ്ധതി നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സഹായം - 6 ലക്ഷം രൂപ, കേരള ഓട്ടോറിക്ഷ തൊഴിലാളി, സർക്കസ് തൊഴിലാളി എന്നിവർക്കുള്ള സഹായമെല്ലാം ബന്ധപ്പെട്ട വകുപ്പുകൾ മുഖേന റിലീസ് ചെയ്യുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കയർത്തൊഴിലാളികൾക്കുള്ള പെൻഷനും ഓണത്തിനുമുൻപ് കൊടുക്കുന്നതാണ്. വിവിധതരം പരമ്പരാഗത വ്യവസായത്തിലെ തൊഴിലാളികൾക്കുള്ള പെൻഷനും സോഷ്യൽ വെൽഫെയർ പെൻഷനും ഡെസ്റ്റിറ്റ്യൂട്ട് പെൻഷനും ഉൾപ്പെടെ എല്ലാ പെൻഷനുകളും ഓണത്തിനുമുൻപ് കുടിശ്ശിക തീർത്തുകൊടുക്കാൻവേണ്ടിയുള്ള നടപടികൾ എടുത്തുകഴിഞ്ഞു.

(2) സർവ്വീസ് പെൻഷൻകാരുടെ വിവിധ ആവശ്യങ്ങൾ

<u>ശ്രീ. ടി.കെ. ബാലൻ</u> : സർ, ഞാൻ ഇവിടെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത് മൂന്നു ലക്ഷത്തോളം വരുന്ന സർവ്വീസ് പെൻഷൻകാരുടെ കാര്യമാണ്. ഓരോ വർഷവും 15,000-ത്തോളം പെൻഷൻകാർ പുതിയതായിട്ട് വരുന്നുണ്ട്. ഒരു മാസത്തെ പെൻഷൻതുക ഉത്സവബത്തയായി കൊടുക്കണമെന്നുള്ളതാണ് അവരുടെ പരമപ്രധാനമായ ഡിമാന്റ്. ആ ഡിമാന്റ് ഉന്നയിക്കുമ്പോൾതന്നെ അവർ പറയുന്നത്, താത്വികമായി ഇത് അംഗീകരിക്കുമ്പോൾ ഇപ്പോൾ ഗവൺമെന്റ് കൊടുക്കാൻ ഉദ്ദേശിക്കുന്ന തുക എത്ര ദിവസത്തെ പെൻഷൻ എന്ന രൂപത്തിൽ പ്രഖ്യാപിക്കണമെന്നാണ്. സർക്കാരിന്റെ ഭാഗത്തുനിന്ന് ആ കാര്യത്തിൽ വളരെ അനുഭാവപൂർവ്വമായ പരിഗണനയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

അതുപോലെതന്നെ അവരുടെ പെൻഷൻ നിയമം പാസ്സാക്കുക, അവരുടെ ക്ഷേമനിധിയെ സംബന്ധിച്ചിടത്തോളമുള്ള ഏർപ്പാടുകൾ ചെയ്യുക, ചികിത്സാപദ്ധതി എന്നിത്യാദി കാര്യങ്ങൾക്കുടെ പെൻഷണേഴ്സ് യൂണിയൻ മുന്നോട്ടുവയ്ക്കുന്നുണ്ട്. രണ്ടരലക്ഷം വരുന്ന പെൻഷൻകാർ അണിനിരന്നിട്ടുള്ള സ്റ്റേറ്റ് സർവ്വീസ് പെൻഷണേഴ്സ് യൂണിയൻ ഇന്ന് നിയമസഭാമാർച്ച് നടത്തുകയാണ്. ഈ പ്രധാനപ്പെട്ട ഡിമാന്റ്സിനെ സംബന്ധിച്ച്, പ്രത്യേകിച്ച് ഓണത്തിനുള്ള ഫെസ്റ്റിവൽ അലവൻസിനെ സംബന്ധിച്ച് അനുകൂലമായിട്ടുള്ള ഒരു തീരുമാനമെടുക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു.

<u>മി. സ്പീക്കർ</u> : ഇതുസംബന്ധിച്ച് ശ്രീ. എം. മുരളിയും സബ്മിഷന് നോട്ടീസ് നൽകിയിട്ടുണ്ട്.

ധനകാര്യവകുപ്പുമന്ത്രി <u>(ശ്രീ. ടി. ശിവദാസമേനോൻ)</u> : സർ, പെൻഷൻകാരുടെ പ്രശ്നങ്ങളോട് അനുഭാവപൂർവമായ സമീപനമാണ് ഈ സർക്കാർ കൈക്കൊണ്ടുവരുന്നത്. പെൻഷൻകാരുടെ മെഡിക്കൽ അലവൻസ് നിലവിലുണ്ടായിരുന്നതിന്റെ ഇരട്ടിയായി ഈ സർക്കാർ വർദ്ധിപ്പിച്ചു. അർഹതയുള്ള പ്രായപരിധി 65-ൽ നിന്നും 60 ആയി ചുരുക്കി. ജീവനക്കാരുടെ അവകാശമാണ് പെൻഷൻ എന്ന തത്വത്തിലുപരിയായി സാമൂഹ്യ സുരക്ഷിതത്വം ഉറപ്പുവരുത്തുക എന്ന കാഴ്ച്ചപ്പാടോടുകൂടി സർക്കാർ സാദ്ധ്യമായ എല്ലാ നടപടികളും കൈക്കൊള്ളുന്നുണ്ട്. നിലവിലുള്ള നിയമപ്രകാരം മിനിമം

LIBRARY ARCHIVES Kerala Legislative Assembly